# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3405

21-12-2012 ൽ മറുപടിയ്ക്ക്

## കരനെൽകൃഷി

**ചോദ്യം**

ശ്രീ.എം.ഉമ്മർ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) 'കരനെൽകൃഷി' പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(എ) സംസ്ഥാനത്ത് 'കരനെൽകൃഷി' പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി 2012-13 വർഷം 3334 ഹെക്ടറിൽ നടപ്പിലാക്കി വരുന്നു. ഹെക്ടറിന് 7500 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നതിന് 250 ലക്ഷം രൂപ കരനെൽകൃഷിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇതിനായി ഏതെല്ലാം പ്രദേശങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കരനെൽകൃഷി പദ്ധതി നടപ്പിലാക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | നടപ്പിലാക്കുന്ന വിസ്തൃതി (ഹെക്ടറിന്) |
|---|---|---|
| 1 | തിരുവനന്തപുരം | 100 |
| 2 | കൊല്ലം | 439 |
| 3 | പത്തനംതിട്ട | 100 |
| 4 | ആലപ്പുഴ | 250 |
| 5 | കോട്ടയം | 200 |

| | | |
|---|---|---|
| 6 | ഇടുക്കി | 150 |
| 7 | എറണാകുളം | 80 |
| 8 | തൃശ്ശൂർ | 150 |
| 9 | പാലക്കാട് | 180 |
| 10 | മലപ്പുറം | 268 |
| 11 | കോഴിക്കോട് | 650 |
| 12 | വയനാട് | 15 |
| 13 | കണ്ണൂർ | 452 |
| 14 | കാസർഗോഡ് | 300 |
| | ആകെ | 3334 ഹെക്ടർ |

(സി) കുറഞ്ഞുവരുന്ന നെൽകൃഷിയെ പരിപോഷിപ്പിക്കാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

(സി) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 9356 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ലക്ഷ്യം | |
|---|---|---|---|
| | | ഭൗതികം (ഹെക്ടർ) | സാമ്പത്തികം (ലക്ഷം) |
| 1 | ഗ്രൂപ്പ് ഫാമിംഗ് | 67500 | 2700 |
| 2 | നെൽകൃഷി വികസന ഏജൻസി കൾക്കായുള്ള സഹായം | 11 ഏജൻസി | 150 |
| 3 | പ്രത്യേക നെല്ലിനങ്ങളുടെ പ്രോത്സാഹനം | 1000 | 100 |
| 4 | പി.പി.പി.എസ്.ആർ.ഐ | 71181.83 | 1550 |
| 5 | ഉല്പാദനക്ഷമത കൈവരിക്കുന്ന തിനുള്ള പദ്ധതി | 541.48 | 100 |
| 6 | എം.എം.എ നെൽകൃഷി വികസനം | 30000 | 517.55 |
| 7 | ആർ.കെ.വി.വൈ - ഉല്പാദനം വർദ്ധിപ്പിക്കൽ | 100000 | 3000 |
| 8 | ആർ.കെ.വി.വൈ - തരിശുനില കൃഷി പ്രോത്സാഹനം | 400 | 120 |
| 9 | കുട്ടനാട് പാക്കേജ് - 13 ാം ധനകാര്യ കമ്മീഷൻ അവാർഡ് | 250 | 75 |
| 10 | ഉല്പാദന ബോണസ് | - | 793.66 |
| 11 | കര നെൽകൃഷി പ്രോത്സാഹനം | 3334 | 250 |
| | ആകെ | | 9356 |

സെക്ഷൻ ഓഫീസർ